പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3275          19.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി യിൽ ആരംഭിച്ച കമ്പ്യൂട്ടർവൽക്കരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് Total Computerization, ERP നടപ്പിലാക്കുന്നതിനായി വിശദമായ Detailed Project Report (DPR) തയ്യാറാക്കുന്നതിന് Central Institute of Road Transport (CIRT) പൂനയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. Intelligent Transport System നടപ്പിലാക്കുന്നതിനായി ഐ.ടി മിഷൻ, ICFOSS എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരെ ഉൾക്കൊള്ളിച്ച് പദ്ധതി തയ്യാറാക്കി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) | ജി.പി.എസ് സംവിധാനമുള്ള ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകളിൽ നിന്നുള്ള കളക്ഷൻ വിവരങ്ങൾ ഡിപ്പോകളിൽ നിന്നും ടെലഫോൺ മുഖേന ശേഖരിക്കുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഡിപ്പോകളിൽ ഇന്റർനെറ്റ് തകരാറാകുകയോ, ഇ.ടി.എമ്മുമായി ബന്ധപ്പെട്ട് മറ്റ് തകരാറുകൾ ഉണ്ടാകുന്നതോ ആയ സാഹചര്യത്തിൽ ടെലിഫോൺ മുഖേന കളക്ഷൻ വിവരങ്ങൾ ശേഖരിക്കാറുണ്ട്. |
| (സി) | എങ്കിൽ പ്രതിമാസം വൻ തുക ചെലവഴിക്കുന്ന ഇ.ടി.എം സോഫ്റ്റ് വെയറിലെ അപാകതകൾ പരിഹരിക്കാത്തത് കോർപ്പറേഷന്റെ കമ്പ്യൂട്ടർ വൽക്കരണത്തെ ദോഷമായി ബാധിക്കുന്നുണ്ടോ;വിശദമാക്കുമോ; | (സി) | ഇല്ല. ഡിപ്പോകളിൽ ഇന്റർനെറ്റ് ലഭ്യമാകാത്ത സാഹചര്യങ്ങളിൽ സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകാറുണ്ട് എന്നാൽ ഇത് ഇ.ടി.എം സോഫ്റ്റ് വെയറിന്റെ അപാകതമൂലമല്ല. |

| | | | |
|---|---|---|---|
| (ഡി) | വൻ തുക ചെലവഴിച്ച് സ്ഥാപിച്ച സെർവറും നെറ്റ് വർക്കിംഗ് സംവിധാനങ്ങളും ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർവൽക്കരണ പ്രക്രിയ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | മുൻകാലങ്ങളിൽ സ്ഥാപിച്ച സെർവറുകൾ കാലപ്പഴക്കം ചെന്നവയും കാലോചിതമായ പരിഷ്ക്കരണങ്ങൾ നടത്താൻ സാധിക്കാത്തവയുമാണ്. എന്നാൽ പുതിയ സംവിധാനങ്ങൾ ഐ.ടി മിഷൻ, സ്റ്റേറ്റ് ഡാറ്റാ സെന്റർ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പുതുതായി ഏർപ്പെടുത്തുന്ന കമ്പ്യൂട്ടർവത്ക്കരണ പ്രക്രിയ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**